# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.43      12.06.2012 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ യാത്രാസുരക്ഷ

| ചോദ്യം<br>ശ്രീ. ബി. സത്യൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. പുരുഷൻ കടലുണ്ടി | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സ്കൂൾ കുട്ടികളുടെ യാത്രാ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | മോട്ടോർ വാഹനം, ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സ്കൂൾ കുട്ടികളുടെ യാത്രാസുരക്ഷാ ഉറപ്പാക്കുന്നതിനുള്ള നിയമ നടപടികളും മുൻകരുതലുകളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സഞ്ചാരയോഗ്യമല്ലാത്ത വാഹനങ്ങളെയും ശേഷിയിൽ കൂടുതൽ കുട്ടികളെ കയറ്റുന്ന വാഹനങ്ങളെയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നിയമപ്രകാരം എല്ലാ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളും വർഷത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റിന് വിധേയമാക്കുന്നുണ്ട്. സ്കൂൾ ബസ്സുകളിൽ ഓവർലോഡ് നിയന്ത്രിക്കുന്നതിനായി പരിശോധന നടത്താൻ കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശോധനയിൽ നിയമവിധേയമല്ലാതെ സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) സ്കൂൾ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | 1. 30.01.2012 തീയതിയിലെ ജി.ഒ.(പി) നം 03/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും (മുച്ചക്ര വാഹനങ്ങൾ ഒഴികെ) സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. 10.05.2012 തീയതിയിലെ സ.ഉ.(പി) നം.25/2012/ട്രാൻ എന്ന സർക്കാർ ഉത്തരവ് വഴി 1989-ലെ കേരള മോട്ടോർ വാഹന ചട്ടം ഭേദഗതി ചെയ്ത് ചട്ടം 153(ഡി) ഉൾപ്പെടുത്തി താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്കൂൾ ബസ്സുകൾക്കുള്ള പെർമിറ്റിൽ നിബന്ധനയായി ചേർക്കുകയും ചെയ്തു.<br>(എ) സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്നതിനുള്ള വാഹനം വാടകയ്ക്കെടുത്ത വാഹനമാണെങ്കിൽ "on school duty" എന്ന ബോർഡ് വെളുത്ത പശ്ചാത്തലത്തിൽ നീല |

| | | |
|---|---|---|
| | | നിറത്തിലുള്ള അക്ഷരങ്ങളിൽ എഴുതി വ്യക്തമായി കാണത്തക്കവിധം വാഹനത്തിന്റെ മുൻ-പിൻ ഭാഗങ്ങളിൽ മുകളിലായി പ്രദർശിപ്പിച്ചിരിക്കണം.<br>(ബി) 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 151-ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് വാഹനത്തിൽ സജ്ജീകരിച്ചിരിക്കണം.<br>(സി) സ്കൂൾ കുട്ടികളെകൊണ്ട് പോകുന്ന വാഹനങ്ങളിൽ തിരശ്ചീനമായി (ഹൊറിസോണ്ടലായി) ഗ്രില്ലുകൾ ഘടിപ്പിച്ചിരിക്കണം.<br>(ഡി) വാഹനത്തിൽ ഫയർ എക്സ്റ്റിൻഗ്വിഷർ സജ്ജീകരിച്ചിരിക്കണം.<br>(ഇ) വാഹനത്തിലെ പ്രധാനപ്പെട്ട ഭാഗത്ത് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരും, ടെലിഫോൺ നമ്പരും എഴുതി പ്രദർശിപ്പിച്ചിരിക്കണം.<br>(എഫ്) വാഹനത്തിന്റെ ഡോറുകൾ ഉറപ്പുള്ള താഴുകളാൽ സജ്ജീകരിച്ചിരിക്കണം.<br>(ജി) സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്ക് താഴെയായി ആവശ്യത്തിന് സ്ഥലം ഉണ്ടായിരിക്കണം.<br>(എച്ച്) കുട്ടികളെ സഹായിക്കുന്നതിനായി വാഹനത്തിൽ യോഗ്യതയുള്ള ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം.<br>(ഐ) വാഹനത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി രക്ഷാകർത്താക്കൾ , മാതാപിതാക്കൾ എന്നിവരിലാരെങ്കിലും വാഹനത്തിൽ സഞ്ചരിക്കണം.<br>(ജെ) വാഹനം ഓടിക്കുന്ന ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയവും, ഹെവി വാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.<br>(കെ) റെഡ് ലൈറ്റ് ജംപിംഗ്, ലെയ്ൻ ഡിസിപ്ലിൻ വയലേഷൻ, അനധികൃതമായി മറ്റ് വ്യക്തികളെ വാഹനം ഓടിക്കുവാൻ അനുവദിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ഒരു വർഷത്തിൽ രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ശിക്ഷിക്കപ്പെട്ട വ്യക്തിയെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല.<br>(എൽ) വാഹനത്തിൽ സഞ്ചരിക്കുന്ന വ്യക്തികളുടെ വിശദവിവരങ്ങൾ വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. സഞ്ചരിക്കുന്ന വ്യക്തികളുടെ പേര്, രക്ഷാകർത്താവിന്റെ പേര്, മേൽ വിലാസം, ടെലിഫോൺ നമ്പർ/ മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ ശരിയായ രീതിയിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിൽ സൂക്ഷിച്ചിരിക്കണം. |

| | | |
|---|---|---|
| | | (എം) വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം വിലയിരുത്തുന്നതിനും ജോലിക്കാർ നൽകുന്ന സേവനം തൃപ്തികരമാണോ എന്ന് വിലയിരുത്തുന്നതിനുമായി സ്കൂൾ അധികൃതർ/പാരന്റ് ടീച്ചർ അസോസിയേഷന്റെ ചുമതല വഹിക്കുന്ന വ്യക്തി എന്നിവരിലാരെങ്കിലും വാഹനം മിന്നൽ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.<br>മേൽ പറഞ്ഞവ കൂടാതെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി 09-02-2010 തീയതിയിലെ തീരുമാനത്തിലൂടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(എ) സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്ന വാഹനത്തിലെ യാത്രക്കാരുടെ എണ്ണം 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 221-ൽ നിഷ്കർഷിച്ചിട്ടുള്ളതിനെക്കാളും കൂടുതലാകാൻ പാടുള്ളതല്ല.<br>(ബി) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസിന്റെ ഓരോ കവാടത്തിനും ഡോറുകൾ ഉണ്ടായിരിക്കണം.<br>(സി) ബസ്സിലെ അറ്റൻഡർ കുട്ടികളെ വാഹനത്തിൽ കയറുന്നതിനും, ഇറങ്ങുന്നതിനും, റോഡ് മുറിച്ചുകടക്കുന്നതിനും സഹായിക്കേണ്ടതാണ്.<br><br>ഇതുകൂടാതെ സ്കൂൾ വാഹനയാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർവാഹന വകുപ്പിന്റെ നേതൃത്വത്തിൽ ഡ്രൈവർമാർക്ക് ട്രെയിനിംഗ് നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളുടെയും അതിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെയും സുരക്ഷ, സംബന്ധിച്ച് കാലാകാലങ്ങളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി / സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി പോലീസ്, മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ